ഉത്തരം

(എ&ബി) കിനാലൂർ 2X12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ 11-7-2012-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കെ.എസ്.ഐ.ഡി.സി.യുടെ 2 ഏക്കർ സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സൗജന്യമായി നൽകുകയും കെ.എസ്.ഐ.ഡി.സി.യുടെ വ്യാവസായിക വളർച്ചാകേന്ദ്രത്തിന്റെ വൈദ്യുത ആവശ്യകതയ്ക്കായി 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ ചെലവ് വഹിക്കണം എന്നുമായിരുന്നു. എന്നാൽ ഈ വ്യവസ്ഥ കെ.എസ്. ഐ.ഡി.സി.ക്ക് സ്വീകാര്യമല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ പുനഃപരിശോധിച്ചു. കെ.എസ്.ഐ.ഡി.സി.-യുടെ വ്യാവസായിക വളർച്ചാകേന്ദ്രത്തിന് ആവശ്യമായുള്ള വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി പ്രസ്തുത പ്രദേശത്ത് 9.50 കോടിരൂപ ചെലവിൽ ബോർഡ് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനും ഇതിലേക്കായി 6.26 കോടിരൂപ കെ.എസ്.ഐ.ഡി.സി. വഹിക്കുവാനുമായുള്ള പ്രൊപ്പോസലിന് കെ.എസ്.ഇ.ബി.ലിമിറ്റഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. തുക അടയ്ക്കുകയും സ്ഥലം കൈമാറുകയും ചെയ്യുന്ന മുറയ്ക്ക് അനന്തരനടപടികൾ കൈക്കൊള്ളുന്നതാണ്.

നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള പട്ടികജാതി അപേക്ഷകർ

36 (6487) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത പട്ടികജാതി അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ; പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് എത്ര കാലാവധിക്കുള്ളിൽ കണക്ഷൻ നൽകുമെന്നും ആയതിന് ഏകദേശം എന്തുതുക ചെലവ് വരുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വലപ്പാട് ഗ്രാമ പഞ്ചായത്ത് - 2 എണ്ണം.

തളിക്കുളം ഗ്രാമ പഞ്ചായത്ത് - 3 ''

(ബി) ഈ അഞ്ച് സർവ്വീസ് കണക്ഷനുകൾക്കും പ്രോപ്പർട്ടി ക്രോസിംഗ്മൂലം തടസ്സം നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരത്തിനായി തൃശ്ശൂർ എ.ഡി.എം.-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ കണക്ഷനുകൾ നൽകാനാവുകയുള്ളൂ. പ്രസ്തുത കണക്ഷനുകൾ നൽകുന്നതിന് ഏകദേശം 76,850 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly